# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1539. 21..1..2014-ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ കുളമ്പുരോഗം മൂലം ക്ഷീരമേഖലയ്ക്കുണ്ടായ നഷ്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കുളമ്പുരോഗം മൂലം ക്ഷീരമേഖലയ്ക്ക് ഇതു വരെ എത്രകോടി രൂപ നഷ്ടമുണ്ടായെന്ന് വ്യക്തമാക്കുമോ; | (എ) ഇതു സംബന്ധിച്ച കണക്കുകൾ വകുപ്പിൽ ലഭ്യമായി വരുന്നതേയുള്ളൂ. |
| (ബി) കുളമ്പുരോഗം മൂലം പശുക്കൾ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ, അനുവദിച്ച തുകയും കോഴിക്കോട് ജില്ലയിൽ ഇതുവരെ തുക ലഭിച്ച ക്ഷീര കർഷകരുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ? | (ബി) & (സി) ഉണ്ട്. ക്ഷീരകർഷകരിൽ നിന്നുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം ക്ഷീരസംഘങ്ങൾ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ക്ഷീരവികസന വകുപ്പ് മുഖാന്തിരം നല്കുന്ന ധനസഹായം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. ചത്തുപോയ 34 പശുക്കൾ, 15 കന്നുകുട്ടികൾ, 4 കിടാരികൾ ഉൾപ്പെടെ 53 ഉരുക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.